"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് -ആരോഗ്യ വകുപ്പ് -ജീവനക്കാര്യം -ആരോഗ്യ വകുപ്പിലെ അസിസ്റ്റന്റ് സർജൻമാരുടെ 2023 വർഷത്തെ പൊതുസ്ഥലംമാറ്റം -ഡോ.അമ്പിളി.എ,അസിസ്റ്റന്റ് സർജൻ ബഹു.അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത ഒഎ നമ്പർ 1010/2023 കേസിലെ ഉത്തരവ് അനുപാലിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.2075/2023/H&FWD തീയതി,തിരുവനന്തപുരം, 14-08-2023

---

പരാമർശം:-

1. ഡോ.അമ്പിളി. എ. ഫയൽ ചെയ്ത ഒഎ 1010/2023 നമ്പർ കേസിൽ ബഹു.അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ 19-06-2023 തീയതിയിൽ പുറപ്പെടുവിച്ച ഉത്തരവ്
2. സ ഉ (സാധ) 1518/2023/ആകുവ തീയതി 26-06-2023
3. സ ഉ (സാധ) 1603/2023/ആകുവ തീയതി 04-07-2023
4. ഡോ.അമ്പിളി .എ സമർപ്പിച്ച അപ്പീൽ അപേക്ഷ
5. 22-07-2023 തീയതിയിൽ ചേർന്ന അപ്പീൽ കമ്മിറ്റി യോഗത്തിന്റെ നടപടിക്കുറിപ്പുകൾ

**ഉത്തരവ്**

ആരോഗ്യ വകുപ്പിലെ അസിസ്റ്റന്റ് സർജൻമാരുടെ 2023 വർഷത്തെ പൊതുസ്ഥലംമാറ്റ ഉത്തരവിൽ , തിരുവനന്തപുരം ജഗതി ഗവൺമെന്റ് ഡിസ്പെൻസറിയിൽ അസിസ്റ്റന്റ് സർജനായിരുന്ന ഡോ അമ്പിളി.എ - യെ ആലപ്പുഴ ജില്ലയിലെ പുളിങ്കുന്ന് താലൂക്ക് ആശുപത്രിയിലേക്ക് സ്ഥലംമാറ്റം നൽകി നിയമിക്കുകയുണ്ടായി. പ്രസ്തുത നടപടിക്രമത്തിനെതിരായി ടിയാൾ ബഹു . അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ ഒഎ നമ്പർ 1010/2023 കേസ് ഫയൽ ചെയ്യുകയുണ്ടായി . ടി കേസിൽ പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയും ആയത് പ്രകാരം ആരോഗ്യ വകുപ്പിലെ അസിസ്റ്റന്റ് സർജൻമാരുടെ പൊതുസ്ഥലംമാറ്റവുമായി ബന്ധപ്പെട്ട അപ്പീലുകൾ പരിശോധിക്കുന്നതിന് ആരോഗ്യ വകുപ്പ് അഡീഷണൽ സെക്രട്ടറി ചെയർ പേഴ്സണായും , ആരോഗ്യ വകുപ്പ് ഡയറക്ടർ , മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ എന്നിവർ അംഗങ്ങളായും പരാമർശം (2),(3) എന്നിവ പ്രകാരം ഒരു അപ്പീൽ കമ്മിറ്റി രൂപീകരിക്കുകയും ചെയ്തു .

(2) ഇതിനിടെ പരാമർശം (1) പ്രകരമുള്ള ഉത്തരവിൽ നിർദേശിച്ചതനുസരിച്ച് ഡോ.അമ്പിളി.എ പരാമർശം (4) പ്രകാരം അപ്പീൽ സമർപ്പിക്കുകയുണ്ടായി. തുടർന്ന് പരാമർശം (2),(3) എന്നിവ പ്രകാരം രൂപീകരിച്ച അപ്പീൽ കമ്മിറ്റി 22-07-2023 ന് യോഗം ചേരുകയും ഡോ.അമ്പിളി .എ യുടേതുൾപ്പെടെയുള്ള അപ്പീലുകൾ പരിശോധിക്കുകയും, ബഹു.ട്രിബ്യൂണൽ നിർദ്ദേശിച്ചുപ്രകാരം ഒരോ കേസിലേയും അപേക്ഷകരേയും ബന്ധപ്പെട്ട കക്ഷികളേയും നേരിൽ കേൾക്കുകയും ചെയ്തു. നേരിൽ കേൾക്കുന്ന വേളയിലും സമർപ്പിച്ചിരുന്ന അപ്പീൽ അപേക്ഷയിലും ഡോ.അമ്പിളി ആവശ്യപ്പെട്ടത്, എസ് സി വിഭാഗത്തിൽപ്പെട്ട ടിയാളെ ജഗതി ഗവൺമെന്റ് ഡിസ്പെൻസറിയിൽ

0195274

അഞ്ചുവർഷം പൂർത്തിയാകുന്നതുവരെ തുടരാനനുവദിക്കണം എന്നാണ് .

(3) അപ്പീൽ കമ്മിറ്റി ഈ വിഷയം വിശദമായി പരിശോധിക്കുകയുണ്ടായി. അസിസ്റ്റന്റ് സർജൻമാരുടെ പൊതുസ്ഥലംമാറ്റ ഉത്തരവിൽ ജഗതി ഗവൺമെന്റ് ഡിസ്പെൻസറി ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിലേക്ക് നിയമനം നൽകിയിരിക്കുന്നത് പൊതുസ്ഥലംമാറ്റം സംബന്ധിച്ച മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടും സീനിയോറിറ്റിയും വിവിധ വിഭാഗങ്ങൾക്കുള്ള സംരക്ഷണവും പരിഗണിച്ചുകൊണ്ടും ആണെന്ന് കമ്മിറ്റി വിലയിരുത്തുകയുണ്ടായി .ആയതിനാൽ ടിയാളുടെ അപേക്ഷ പരിഗണനാർഹമല്ലെന്നും നിരാകരിക്കാവുന്നതാണെന്നും കമ്മിറ്റി പരാമർശം (5) പ്രകാരം ശിപാർശ ചെയ്യുകയുണ്ടായി.

(4) അപ്പീൽ കമ്മിറ്റിയുടെ ശിപാർശ അംഗീകരിച്ചുകൊണ്ടും ഡോ.അമ്പിളി .എ പരാമർശം (4) പ്രകാരം സമർപ്പിച്ച അപ്പീൽ അപേക്ഷയിലെ ആവശ്യം നിരസിച്ചുകൊണ്ടും ടി അപ്പീൽ അപേക്ഷ തീർപ്പാക്കി ഇതിനാൽ ഉത്തരവാകുന്നു. ബഹു.ട്രിബ്യൂണലിന്റെ പരാമർശം (1) പ്രകാരമുള്ള ഉത്തരവ് ഇപ്രകാരം അനുപാലിക്കുന്നു

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എ പി എം മുഹമ്മദ് ഹനീഷ്
പ്രിൻസിപ്പൽ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം
ആരോഗ്യ വകുപ്പ് ഡയറക്ടർ,തിരുവനന്തപുരം
ഡോ.അമ്പിളി.എ,അസിസ്റ്റന്റ് സർജൻ ,ഗവ.ഡിസ്പെൻസറി ,
ജഗതി ,തിരുവനന്തപുരം
ഡോ.അശ്വതി .ജി ,അസിസ്റ്റന്റ് സർജൻ ,ജനറൽ ആശുപത്രി ,
ചങ്ങനാശ്ശേരി ,കോട്ടയം
സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
R Renuka
സെക്ഷൻ ഓഫീസർ
Date: 16-08-2023 09:52:55

**മേലെഴുത്ത് നം. ഇ.എ2–12077/2023/ആ.വ.ഡ. തീയതി: 17/08/2023**

**സർക്കാർ ഉത്തരവിന്റെ പകർപ്പ് അറിവിലേയ്ക്കും മേൽ നടപടികൾക്കുമായി വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നു.**

**ആരോഗ്യവകുപ്പ് ഡയറക്ടർക്ക് വേണ്ടി**